പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*156 7.3.2018 ൽ മറുപടിയ്ക്ക്

## 'പ്രോജക്റ്റ് ഓട്ടിസം' പദ്ധതി

ചോദ്യം മറുപടി

ശ്രീ.പി.ജെ.ജോസഫ്

ശ്രീ.റോഷി അഗസ്റ്റിൻ

ശ്രീ.മോൻസ് ജോസഫ്

ഡോ.എൻ. ജയരാജ്

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഓട്ടിസം രോഗത്തിന് പരിഹാരമായി 'പ്രോജക്റ്റ് ഓട്ടിസം' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ, SSA യുടേയും IED യുടേയും ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിലെ റിസോഴ്സ് ടീച്ചർമാർക്ക് പരിശീലനം, ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതു സംബന്ധിച്ച ബോധവത്കരണം, ഇരിങ്ങാലക്കുടയിലുള്ള സാമൂഹ്യനീതി വകുപ്പിന്റെ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR) എന്ന സ്ഥാപനത്തിൽ "റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്റർ" ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട് പീഡിയാട്രീഷ്യൻമാർക്കുള്ള പരിശീലനം, ഓട്ടിസം സെന്ററുകളിൽ വെർച്വൽ റീഹാബിലിറ്റേഷൻ യൂണിറ്റുകൾ എന്നിവയാണ് പ്രോജക്റ്റ് ഓട്ടിസത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്. |
| (ബി) ആദ്യഘട്ടത്തിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതി ജില്ലാ ആശുപത്രികളിലും നടപ്പാക്കാൻ തയ്യാറാകുമോ; | (ബി) ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലും, കോഴിക്കോടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (IMHANS) ലുമാണ് ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നത്. |

| | |
|---|---|
| | അടുത്ത ഘട്ടമായി ഇത്തരം സെന്ററുകൾ ജില്ലാ ആശുപത്രികളിൽ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം തരത്തിലുള്ള ചികിത്സാ രീതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | (സി) വളർച്ചാ വികാസവുമായി ബന്ധപ്പെട്ട നാഴികക്കല്ലുകൾ(Development Miles Stones) നിരീക്ഷിക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനുമുള്ള ഡെവലെപ്മെന്റ് തെറാപ്പി, ദൈനംദിന കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ ശേഷി പരിപോഷിപ്പിക്കുന്നതിനായി ഒക്കുപ്പേഷണൽ തെറാപ്പി, ശാരീരികമായ ചലന പ്രശ്നങ്ങൾ ലഘൂകരിക്കാനായി ഫിസിയോ തെറാപ്പി, സംസാര ഭാഷാവൈകല്യം പരിഹരി ക്കുന്നതിനായി സ്പീച്ച് തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ, ഇവരെ മുഖ്യധാരാവത്കരിക്കുന്നതിനുള്ള സാമൂഹ്യ ഇടപെടലുകൾ എന്നിവയാണ് നിലവിലുള്ള ഓട്ടിസം സെന്ററുകളിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. കൂടാതെ ഓട്ടിസം ഉൾപ്പെടെയുള്ള മറ്റു വിവിധ ചികിത്സാരീതികളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ഡി) ഓട്ടിസം ബാധിച്ച കുട്ടികളുടെ ചികിൽസക്കായി വിദേശത്തും കേരളത്തിനുപുറത്തും പരിശീലനം നേടിയ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ? | (ഡി) ഓട്ടിസം മേഖലയിൽ വിദേശത്തും, കേരളത്തിന് പുറത്തും പ്രവർത്തിക്കുന്നവരും, പരിശീലനം നേടിയവരുമായ ഡോക്ടർമാരുടെ ഉപദേശങ്ങളും നിർദേശങ്ങളും ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിലുള്ള കൂടുതൽപേരുടെ സേവനങ്ങൾ ഈ മേഖലയിൽ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ